## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274** **19.06.2019 ലെ മറുപടിക്ക്**

**ഹരിതകേരളം പദ്ധതി മൂലം കാർഷികരംഗത്തുണ്ടായ മാറ്റങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ഹരിതകേരളത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ മൂലം പച്ചക്കറി കൃഷിയിലും നെൽകൃഷിയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഹരിത കേരളത്തിന്റെ ഭാഗമായി കൃഷി വകുപ്പ് സുജലം - സുഫലം ഉപമിഷൻ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ മൂലം പച്ചക്കറി കൃഷി, നെൽകൃഷി മേഖലയിൽ വൻകുതിപ്പാണ് ഉണ്ടായിട്ടുള്ളത്. പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് അടുക്കുന്നതിന് ഹരിതകേരളം പദ്ധതി വളരെ സഹായകരമായി. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 29336.55 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി നടത്തുവാൻ സാധിച്ചിട്ടുണ്ട്. നെൽകൃഷി മേഖലയെ നിലനിർത്തുവാനും, വിസ്തൃതി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2015-16-ൽ 196870 ഹെക്ടർ വിസ്തൃതിയായിരുന്ന നെൽകൃഷി, 2017-18-ൽ 220449 ഹെക്ടറായി വർദ്ധിച്ചു. പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്തുവാൻ സാധിച്ചു.<br>പച്ചക്കറി, നെൽകൃഷി മേഖലകളിൽ വിളവിസ്തൃതി വ്യാപനം, ഉല്പാദന വർദ്ധനവിനോടൊപ്പം ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാനും കൂടുതൽ യുവാക്കളെയും വിദ്യാർത്ഥികളെയും വീട്ടമ്മമാരെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനും ഹരിത കേരളം പദ്ധതി സഹായകമായി. ഇതോടൊപ്പം കാർഷിക മേഖലയിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഉള്ള കൃഷിയ്ക്ക് കൂടുതൽ പ്രചാരണം നൽകുവാനും സാധിച്ചു. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്ന പദ്ധതി വിജയപ്രദമാണോ;വിശദാംശം നൽകുമോ; | (ബി) സുജലം സുഫലം ഉപമിഷൻ വഴി നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ താഴെക്കൊടുക്കുന്നു.<br>1) ജൈവകൃഷിയ്ക്ക് പ്രാമുഖ്യം നല്കിയിട്ടുള്ള കൃഷി വികസന പദ്ധതികൾ.<br>2) കേരളത്തിൽ പരമാവധി തരിശുനിലങ്ങൾ കൃഷിയിറക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ.<br>3) പച്ചക്കറിയിലും അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ.<br>4) വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കി കൃഷിയ്ക്ക് ഉപയോഗിക്കാൻ ഉതകുന്ന പദ്ധതികൾ.<br>5) ഉത്തമ കൃഷിരീതികളിലൂടെ സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിടുന്ന പദ്ധതികൾ.<br>6) പാരിസ്ഥിത സംരക്ഷണത്തിനും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്ന പ്രാദേശിക പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സ്ഥാപിക്കുവാനുള്ള സാങ്കേതിക സഹായം.<br>തരിശു നില നെൽ കൃഷി വിജയപ്രദമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഇത് മൂലം വർഷങ്ങളായി തരിശു കിടന്ന നെൽ പാടങ്ങളെ വീണ്ടും കൃഷിയിലേക്കു കൊണ്ടുവരാൻ സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 11936.0781 ഹെക്ടർ തരിശുനില കൃഷിയിലേയ്ക്ക് കൊണ്ടുവന്നു. |
| (സി) സർക്കാർ ഭൂമിയിലും പുറമ്പോക്കിലും ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുക, ഹരിതഭവനങ്ങൾ നിർമ്മിക്കുക എന്നിവയിലൂടെ ഈ മേഖലയിൽ ഉണ്ടായ നേട്ടം എന്താണെന്ന് വിശദമാക്കാമോ; | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ സന്നദ്ധ സംഘടനകളുടെയോ പൊതുസ്ഥാപനങ്ങളുടെയോ വകുപ്പുകളുടെയോ വ്യക്തികളുടെയോ നേതൃത്വത്തിൽ സ്ഥലങ്ങൾ കണ്ടെത്തുകയും തദ്ദേശീയമായ വൃക്ഷങ്ങളും മറ്റ് സസ്യങ്ങളും ഉൾപ്പെടുത്തി വനത്തിന്റെ സവിശേഷതകൾ രൂപപ്പെടുത്തുകയും അതിന്റെ തുടർസംരക്ഷണവുമാണ് ഹരിതകേരള മിഷൻ നടപ്പിലാക്കുന്ന പച്ചത്തുരുത്ത് പദ്ധതി ലക്ഷ്യമിടുന്നത്.ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം |

| | |
|---|---|
| | 2019 ജൂൺ 5-ാം തീയതി പരിസ്ഥിതി ദിനത്തിൽ ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചിരുന്നു. പ്രാരംഭ ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ 250 യൂണിറ്റുകളിലായി 500 ഏക്കർ സ്ഥലത്ത് പച്ചത്തുരുത്ത് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ നേട്ടങ്ങൾ താഴെക്കൊടുക്കുന്നു.<br>1) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതം കുറയ്ക്കുക.<br>2) വൃക്ഷങ്ങളുടെ തടിയിലും പുറംതോടിലും ഇലയിലും വേരിലും മണ്ണിലുമെല്ലാം കാർബൺ സംഭരിക്കപ്പെടുന്നു. അന്തരീക്ഷത്തിൽ തിരികെ എത്താത്ത രീതിയിൽ ദീർഘകാലം സംഭരിക്കപ്പെടുന്നു.<br>3) ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന വനങ്ങൾക്ക് അധിക പ്രാണവായു അന്തരീക്ഷത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കും. കൂടാതെ വായുവിലെ പൊടിപടലങ്ങളും വിവിധ സ്രോതസ്സുകളിൽ നിന്നുമുള്ള മറ്റ് നിർഗ്ഗമന മാലിന്യവസ്തുക്കളെയും ഒരു പരിധിവരെ അന്തരീക്ഷത്തിൽ വ്യാപിക്കാതെ തടഞ്ഞുനിർത്തുന്നതിന് സസ്യങ്ങൾ സഹായിക്കുന്നു (Adsorption).<br>4) വാഹനങ്ങൾ, വ്യവസായശാലകൾ എന്നിവിടങ്ങളിൽ നിന്നും പുറംതള്ളുന്ന വിഷവായുവിനെ വിഷമുക്തമാക്കാൻ വനങ്ങൾക്ക് സാധിക്കുന്നു.<br>5) മണ്ണൊലിപ്പിന്റെ സാദ്ധ്യത കുറയ്ക്കുന്നു.<br>6) ജലത്തിന്റെ ഒഴുക്കിനെ മിതപ്പെടുത്തി പരമാവധി ജലം മണ്ണിലേയ്ക്ക് പ്രവേശിക്കാൻ അനുവദിക്കുന്നത് മൂലം ഭൂഗർഭജലം വർദ്ധിക്കുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.<br>7) ശബ്ദമലിനീകരണ തോത് കുറയ്ക്കുന്നു.<br>'ഹരിതകേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് |

| | |
|---|---|
| | ഹരിതഭവനം പദ്ധതി. കർഷകരുടെ വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം കിണർ റീചാർജ്ജിംഗിനായി ഉപയോഗപ്പെടുത്തി ഭൂഗർഭജല നിരപ്പ് കൂട്ടുക, വീട്ടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൌഹൃദമായി സംസ്കരിച്ച് ജൈവവള കൃഷിക്ക് ഉപയോഗിക്കുക, വളർത്തുപക്ഷികളേയും മൃഗങ്ങളേയും വീട്ടുവളപ്പിൽ സംരക്ഷിച്ച് പരിപാലിക്കുക എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ സംയോജിതമായി നടപ്പിലാക്കുന്നു. ഓരോ പ്രദേശത്തേയും കാർഷിക മേഖലയിൽ പ്രവർത്തിച്ചു വരുന്ന അയൽക്കൂട്ടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് സാമൂഹ്യ സംഘടനകളേയും സ്ഥാപനങ്ങളേയും കൂട്ടി യോജിപ്പിച്ച് പരിശീലനത്തിനും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതാണ്. ഹരിതഭവനം എന്ന ആശയം നടപ്പിലാക്കുന്നതിലൂടെ ജൈവകൃഷി പ്രോത്സാഹനം, ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കുന്നതിനോടൊപ്പം ഒരു വീടിന് വേണ്ട വിവിധ വിളകൾ ഉല്പാദിപ്പിക്കുവാനും സാധിക്കുന്നു. |
| (ഡി) ഹരിതകേരളം പദ്ധതിയിൽ അനാവശ്യമായ ധൂർത്തും പാഴ്ച്ചെലവുകളും നടക്കുന്നതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) ഇല്ല, ബാധകമല്ല |

ഡെപ്യൂട്ടി സെക്രട്ടറി